**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് വാങ്ങിയതിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 1600 കോടിയോളം രൂപയുടെ മരുന്ന് വാങ്ങിയതിലുള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗം പരിശോധിച്ചിട്ടുണ്ടോ; | (എ) | കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)- ൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായിട്ടില്ല. |
| (ബി) | കോർപ്പറേഷന്റെ കംപ്യൂട്ടർ നെറ്റ്‌വർക്കിൽ നിന്നും മായ്ച്ചുകളഞ്ഞതായി പറയപ്പെടുന്ന ഫയലുകൾ വീണ്ടെടുത്ത് പരിശോധനയ്ക്ക് ലഭിച്ചിട്ടുണ്ടോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഒരു ഉദ്യോഗസ്ഥയുടെ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിൽ നിന്നും, ലാപ് ടോപ്പിൽ നിന്നും മായ്ച്ചുകളഞ്ഞതായും എന്നാൽ പിന്നീട് വീണ്ടെടുത്തതായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ വാക്കാൽ അറിയിച്ചിട്ടുള്ള രേഖകളുടെ പ്രിന്റ് ഔട്ട് പരിശോധനയ്ക്കായി ധനകാര്യ പരിശോധനാ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)ലെ പരിശോധന പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ